**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6140** **09-11-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ പുതിയ യീൽഡ് ടെസ്റ്റ് യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഭൂജലവകുപ്പ് മുഖേന കാസർഗോഡ് ജില്ലയിൽ ത്രിതല പഞ്ചായത്ത് ഫണ്ട്, എം.എൽ.എ. ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് യീൽഡ് ടെസ്റ്റ് നടത്തുന്നതിനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഭൂജലവകുപ്പ് മുഖേന കാസർഗോഡ് ജില്ലയിൽ യീൽഡ് ടെസ്റ്റ് നടത്തുന്നതിനായി 95 അപേക്ഷകൾ നിലവിലുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1 - ൽ ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | സമയബന്ധിതമായി പൂർത്തിയാക്കേണ്ട കുടിവെള്ള പദ്ധതികളുടെ യീൽഡ് ടെസ്റ്റ് നടത്താൻ വൈകുന്നതിനുള്ള കാരണം വിശദമാക്കാമോ; | (ബി) | കാസർഗോഡ് ജില്ലയിൽ യീൽഡ് ടെസ്റ്റ് നടത്തുന്നതിനുള്ള യൂണിറ്റ് ഇല്ല. നിലവിൽ മലപ്പുറം ജില്ലയിലെ യീൽഡ് ടെസ്റ്റ് യൂണിറ്റ് ഉപയോഗപ്പെടുത്തിയാണ് ജില്ലയിലെ യീൽഡ് ടെസ്റ്റ് നടത്തുന്നത്. |
| (സി) | ആയത് പരിഹരിക്കുന്നതിനായി ജില്ലയിൽ പുതിയ യീൽഡ് ടെസ്റ്റ് യൂണിറ്റ് വാങ്ങുകയോ മറ്റ് ജില്ലയിൽ ആവശ്യമില്ലാത്ത ടെസ്റ്റ് യൂണിറ്റ് ജില്ലയിലേക്ക് താൽക്കാലികമായി മാറ്റുന്നതിനോ ഉള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | യീൽഡ് ടെസ്റ്റ് യൂണിറ്റ് ഉള്ള ജില്ലകളിൽ നിന്നും പ്രവൃത്തി ഒഴിവു വരുന്ന മുറയ്ക്ക് കാസർഗോഡ് ജില്ലാ ഓഫീസിലെ പ്രവൃത്തികൾ പൂർത്തിയാക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കാസർഗോഡ് ജില്ലയിൽ ഭൂജലവകുപ്പിന് സ്വന്തമായി ഡ്രില്ലിംഗ് യൂണിറ്റ് അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | കാസർഗോഡ് ജില്ലയിൽ ഭൂജലവകുപ്പിന് സ്വന്തമായി ഒരു ഡ്രില്ലിംഗ് യൂണിറ്റ് നിലവിലുണ്ട്. പ്രസ്തുത യൂണിറ്റ് അറ്റകുറ്റപ്പണിയ്ക്കായി കൊല്ലം വർക്ക്ഷോപ്പ് ആന്റ് സ്റ്റോഴ്സിൽ ഗാരേജ് ചെയ്തിരിക്കുകയാണ്. അറ്റകുറ്റപ്പണികൾ ഉടൻതന്നെ പൂർത്തീകരിച്ച് ജില്ലയ്ക്ക് കൈമാറുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

(എ)

| ക്രമ നം. | സ്ഥലം | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | കുമ്പഡാജെ ഗ്രാമ പഞ്ചായത്ത് | 4 |
| 2 | ഉദുമ ഗ്രാമ പഞ്ചായത്ത് | 6 |
| 3 | കുമ്പള ഗ്രാമ പഞ്ചായത്ത് | 11 |
| 4 | കാറഡുക്ക ഗ്രാമ പഞ്ചായത്ത് | 10 |
| 5 | ബളാൽ ഗ്രാമ പഞ്ചായത്ത് | 3 |
| 6 | മടിക്കൈ ഗ്രാമ പഞ്ചായത്ത് | 1 |
| 7 | പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്ത് | 2 |
| 8 | തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത് | 1 |
| 9 | ഈസ്റ്റ് ഏളേരി ഗ്രാമ പഞ്ചായത്ത് | 2 |
| 10 | മുളിയാർ ഗ്രാമ പഞ്ചായത്ത് | 11 |
| 11 | പൈവിളഗെ ഗ്രാമ പഞ്ചായത്ത് | 20 |
| 12 | ദേലമ്പാടി ഗ്രാമ പഞ്ചായത്ത് | 5 |
| 13 | കോടോം ബേളൂർ ഗ്രാമ പഞ്ചായത്ത് | 2 |
| 14 | മംഗൽപ്പാടി ഗ്രാമ പഞ്ചായത്ത് | 1 |
| 15 | പള്ളിക്കര ഗ്രാമ പഞ്ചായത്ത് | 1 |
| 16 | എൻമകജെ ഗ്രാമ പഞ്ചായത്ത് | 1 |
| 17 | മഞ്ചേശ്വരം ഗ്രാമ പഞ്ചായത്ത് | 1 |
| 18 | ബ്ലോക്ക് പഞ്ചായത്ത്, കാസർഗോഡ് | 6 |
| 19 | പരപ്പ ബ്ലോക്ക് പഞ്ചായത്ത് | 1 |
| 20 | നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് | 1 |
| 21 | കാസർഗോഡ് നഗരസഭ | 2 |
| 22 | നീലേശ്വരം നഗരസഭ | 1 |
| 23 | ജി. എച്ച്. എസ്. എസ്. ചായ്യോത്ത് | 1 |
| 24 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 1 |